**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 368** **29-10-2021 - ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി. ടി. എ. റഹീം | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കിടയിലെ തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിനായി വകുപ്പിനു കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും അവർക്ക് താമസവും ഭക്ഷണവും നൽകുന്നതിനുമുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കാലാനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വരികയും ചെയ്യുന്നുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും ഏതെങ്കിലും പേപ്പറുകളിൽ പരാജയപ്പെട്ടാൽ അതിൽ വിജയിക്കുന്നതിനും പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ IHRD യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന Remedial Coaching നൽകുന്ന പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവ./ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് എഞ്ചിനീയറിംഗ് (B.Tech) ന് പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. എം.ബി.ബി.എസ്, ബി.വി.എസ്.സി, എൻജിനീയറിംഗ്, ബി.എ.എം.എസ് എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾ തോറ്റ് |

| | | | |
|---|---|---|---|
| | | | പഠിക്കേണ്ടിവരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യം വരെ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നതാണ്. ജനറൽ കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം പരീക്ഷാ ഫീസ് നൽകുന്നതാണ്. സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ്. കോഴ്സുകൾക്ക് മൂന്ന് പ്രാവശ്യം തോറ്റാൽ പഠനമുപേക്ഷിക്കാതെ തുടർന്ന് പഠിക്കുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു വരുന്നു. കൂടാതെ പഠനത്തിന് പ്രോത്സാഹനവും സഹായകരവുമാകുന്ന തരത്തിൽ താഴെ പറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്. മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രീമെട്രിക് സ്കോളർഷിപ്പ്. 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ. പ്രത്യേക പ്രോത്സാഹന സമ്മാനം മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം. പ്ലസ്ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ് പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്. ലാപ് ടോപ് വാങ്ങുന്നതിനുള്ള ധനസഹായം സ്റ്റെതസ്കോപ്പ് വിതരണം ഇൻഡസ്ട്രിയൽ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം. അഭിഭാഷകർക്കുള്ള ധനസഹായം |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആധുനികീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ആധുനികവൽക്കരിക്കുന്നതിനും നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾക്ക് അനുമതി നൽകി വരുന്നുണ്ട്. എല്ലാ ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ